# 'യുദ്ധമാണ് സമാധാനം'

**അരുന്ധതി റോയ്**

**('യുദ്ധമാണ് സമാധാനം' എന്ന ലേഖനത്തിൽനിന്നുള്ള കുറിപ്പുകൾ.)**

അമേരിക്കയുടെ (മുൻ) വിദേശകാര്യസെക്രട്ടറി മെഡലിൻ ആൾബ്രൈറ്റ് പറഞ്ഞു. "സാധിക്കുമ്പോഴൊക്കെ യു.എൻ. ബഹുമുഖമായി പ്രവർത്തിക്കും. എന്നാൽ അത്യാവശ്യസമയത്ത് ഏകമുഖവുമാകും". (ഒന്നാമർക്കതിരെ നിയമപരമായി നിലനിൽക്കുന്ന തെളിവുകൾ ആവശ്യമില്ലെന്ന അമേരിക്കൻ നിലപാടിനെ" നീതിന്യായസംവിധാനത്തിന്റെ നൂറ്റാണ്ടു പഴക്കമുള്ള വിശ്വാസ്യതയെ ഈ ഒരൊറ്റ നിമിഷം കൊണ്ട് അശ്രദ്ധമായി തകർത്തു തരിപ്പണമാക്കി".

"യുദ്ധത്തിൽ ഒരിക്കലും ജനങ്ങൾ ജയിക്കാറില്ല - സർക്കാരുകൾ തോൽക്കാറുമില്ല. ജനങ്ങൾ കൊല്ലപ്പെടുന്നു. സർക്കാരുകൾ പടംപൊഴിച്ച് രൂപംമാറ്റി പുനർക്രമീകരണം നടത്തി ബഹുമുഖഭീകരരൂപത്തിൽ വളരുന്നു". "അഫ്ഗാനിസ്ഥാനിലും അമേരിക്കയിലും സ്വന്തം സർക്കാരുകളുടെ ദുഷ്ചെയ്തികളുടെ തടവുകാരായിരിക്കുകയാണ് സാധാരണ ജനങ്ങൾ". (അഫ്ഗാനിൽ ബോംബിന്റെ ഭീഷണിയാണെങ്കിൽ, അമേരിക്കയിൽ ആന്ത്രാക്സിന്റേയും പുതിയ ഭീകരാക്രമണങ്ങളുടെയും കടുത്ത ഭീഷണിയാണ്. "സെപ്തംബർ 11ന് നടന്നത് ലോകത്തെയാകെ മാറ്റിമറിച്ചു സ്വാതന്ത്ര്യം, പുരോഗതി, സമ്പത്ത്, സാങ്കേതികവിദ്യാഭ്യാസം മുതലായ വാക്കുകൾക്കെല്ലാം പുതിയ അർത്ഥം ലഭിച്ചു "വ്യോമാക്രമണങ്ങൾ പ്രഖ്യാപിച്ചുകൊണ്ട് ജോർജ്ബുഷ് പറഞ്ഞു. "ഞങ്ങൾ ഒരു സമാധാനരാഷ്ട്രമാണ്. അമേരിക്കയുടെ ഏറ്റവും പ്രിയപ്പെട്ട അംബാസിഡർ ടോണിബ്ലെയർ (ബ്രിട്ടീഷ് പ്രധാനമന്ത്രിയെന്ന അധികച്ചുമതലയും അദ്ദേഹത്തിനുണ്ട്.) പ്രതിഫലിപ്പിച്ചു "ഞങ്ങൾ ഒരു സമാധാന ജനതയാണ് " അതുകൊണ്ട് ഇപ്പോൾ നമുക്കറിയാം "പന്നികളാണ് കുതിരകൾ, പെൺകുട്ടികളാണ് ആൺക്കുട്ടികൾ, യുദ്ധമാണ്



സമാധാനം."

"രണ്ടാം ലോകമഹായുദ്ധത്തിനുശേഷം അമേരിക്ക യുദ്ധം ചെയ്തിട്ടുള്ള രാജ്യങ്ങൾ ഇപ്പറയുന്നവയാണ്. ചൈന (1945-46, 1950-53) കൊറിയ (1950-53) ഗ്വാട്ടിമാല (1954, 1967-69) ഇന്തോനേഷ്യ (1958), ക്യൂബ (1959), ബൽജിയൻ കോംഗോ (1964), പെറു (1965), ലാവോസ് (1964-73), വിയറ്റ്നാം (1961-73), കംബോഡിയ (1969-70), ഗ്രനഡ (1983), ലിബിയ (1986), എൽസാൽവദോർ (1980), നിക്കരാഗ്വ (198കൾ), പനാമ (1989), ഇറാഖ് (1991-99), ബോസ്നിയ (1995), സുഡാൻ (1998), യൂഗോസ്ലാവിയ (1999) ഇപ്പോൾ അഫ്ഗാനിസ്ഥാൻ തീർച്ചയായും ഇത് ലോകത്തിലെ ഏറ്റവും സ്വതന്ത്രരാജ്യത്തെ ഇതൊട്ടും ക്ഷീണിപ്പിക്കുന്നില്ല."

"...അതുകൊണ്ട് അനന്തനീതിക്കുള്ളതെന്തോ എന്നും നിലനിൽക്കുന്ന സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ളതെന്തോ ഉള്ള പേരുകൾ നൽകി യുദ്ധത്തെ അമേരിക്ക പുണ്യവൽക്കരിക്കുമ്പോൾ..... നമ്മൾ മൂന്നാം ലോകത്ത് ഭയത്തിന്റെ ഭ്രകമ്പം പ്രതീക്ഷിക്കുന്നു. കാരണം ചിലർക്ക് അനന്തമായ നീതിയെന്നത് മറ്റുചിലർക്ക് അനന്തമായ അനീതിയാകും." പ്രസിഡണ്ട് ബുഷിനോട് എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ടു പറയട്ടെ, താലിബാൻ അല്ലെങ്കിൽ അമേരിക്കൻ സർക്കാർ, ഇവയിലേതെങ്കിലുമൊന്നു തെരഞ്ഞെടുക്കണമെന്നില്ല. നമ്മുടെ കല, സംഗീതം, സാഹിത്യം, തുടങ്ങി മാനവികസംസ്കാരത്തിന്റെ മുഴുവൻ ഭംഗിയും ഈ രണ്ട് മൗലികവാദധ്രുവങ്ങൾക്കിടക്കാണ്."

1973 മുതൽ റോമിൽ പുറത്താക്കപ്പെട്ടുകഴിയുന്ന സാഹിർഷായെ പുതിയസർക്കാരിന്റെ നേതൃത്വത്തിലിരുത്താൻ ശ്രമിക്കുന്നതിനെപ്പറ്റി - "ഈ കളി ഇങ്ങനെ തന്നെയാണ് പോകുന്നത്. സദ്ദാംഹുസൈനെ പിന്താങ്ങുക. പിന്നെ പുറത്താക്കുക, മുജാഹിദീനുകൾക്ക് സാമ്പത്തിക സഹായം നൽകുക, പിന്നീടവരെ തവിടുപൊടിയാക്കുക. ഇപ്പോൾ സഹീർഷായെ അധികാരത്തിലേറ്റുക.. അയാൾ നല്ല കുട്ടിയായിരിക്കുന്നിടത്തോളം കാലം മാത്രം"

മനുഷ്യസ്നേഹത്തിന്റെപേരിൽ ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്നതിനെപ്പറ്റി "പൊതിയിലെ ഉള്ളടക്കത്തെപ്പറ്റി പ്രധാനപത്രങ്ങളിൽ പരസ്യം ചെയ്തു. മുസ്ലിം ഭക്ഷ്യനിയമപ്രകാരം അവരെല്ലാം സസ്യഭുക്കുകളാണെന്ന് ഞങ്ങളോട് പറഞ്ഞിട്ടുണ്ട്. അമേരിക്കൻ കൊടിയിൽ പൊതിഞ്ഞ ഓരോ മഞ്ഞ പാക്കറ്റിലും ചോറ്, കപ്പലണ്ടിയിൽനിന്നെടുത്ത വെണ്ണ, ഞാവൽപ്പഴത്തിന്റെ ജാം, ബ്രെഡ്, ആപ്പിൾ പഴച്ചാറ്, തീപ്പെട്ടി------പിന്നെ പ്ലാസ്റ്റിക്കിലുണ്ടാക്കിയ കത്തിയും മുള്ളും... അതുപയോഗിക്കേണ്ട രീതി വിവരിക്കുന്ന കുറിപ്പും-------"

"മറിച്ചൊന്നു ചിന്തിക്കുക, താലിബാൻ സർക്കാർ ന്യൂയോർക്കിലും വാഷിങ്ടണിലും ബോംബിട്ടുന്നുവെന്നു കരുതുക. തകർന്ന ആ നഗരത്തിലേക്ക് അഫ്ഗാൻ പതാകയിൽപൊതിഞ്ഞ ചപ്പാത്തിയും കബാബും എറിഞ്ഞുകൊടുത്താൽ അതിന് അമേരിക്കക്കാർ എപ്പോഴെങ്കിലും മാപ്പുനൽകുമോ?"------ "പശ്ചിമേഷ്യയിലെ അമേരിക്കൻ റയങ്ങളെ വിമർശിക്കുന്ന ഒരു പരാമർശമുള്ളതുകൊണ്ടു മാത്രം സൗദിയിലെ രാജകുമാരൻ അയച്ചുകൊടുത്ത പത്തു ദശലക്ഷം ഡോളറിന്റെ സമ്മാനം തിരിച്ചുനൽകുകയാണ് ന്യൂയോർക്കിലെ മേയർ റൂസ്ഗ്ലിയാനി ചെയ്തത്. അഭിമാനമെന്നത് ധനികന്റെ മാത്രം ആർഭാടമാണോ?"

"----സെപ്തംബർ 11ന് കുറ്റം ചെയ്തവരെ എന്തായാലും ശിക്ഷിക്കണം. എന്നാൽ അവരെ കണ്ടെത്താനുള്ള നല്ല വഴി യുദ്ധം മാത്രമാണോ? നഷ്ടപ്പെട്ട സൂചികണ്ടെത്താൻ വൈക്കോൽ കൂന കത്തിക്കുന്നതു ശരിയോ?"

(കടപ്പാട് : ഔട്ട്‌ലുക്ക് മാസിക)

വിവ: **നീലകണ്ഠൻ**